വിഷയം : വേഗത്തിൽ നീങ്ങുന്ന ഘടികാര സൂചി...

## സു... സു'വ്'... സു'വ്'തകുമാരി...

രണ്ട് മാസം ഗർഭിണിയാണ്... ഇതിന്റെ ഉത്തരവാദി തൊട്ടടുത്ത് വാലാട്ടി നിൽപ്പുണ്ട്. മീരയുടെ കൈയ്യിലുള്ള പ്ലേറ്റിലേക്കാണ് രണ്ട് പേരുടെയും നോട്ടം. നാല് കണ്ണുകളും പ്ലേറ്റിലേക്ക് മിഴിച്ചുനിൽക്കുന്നതിനിടയിലേക്ക് മീര ചെറിയ കഷണമെടുത്ത് എറിഞ്ഞപ്പോൾ കാറ്റിൽ ഒരു മില്ലിസെക്കന്റ് നേരം പറന്ന് അത് നിലത്ത് പതിച്ചു. ഓടിവന്ന അവളെ മുരണ്ടുകൊണ്ട് വിരട്ടി, അവൻ ആ കഷണം അകത്താക്കി. മീര ഒരു കഷണം അവൾക്കുമുന്നിലേക്ക് ഇട്ടുകൊടുത്തു, അവിടേയും കുരച്ചുകൊണ്ട് വന്ന് അവൻ അതും ചവച്ചിറക്കി വയറ്റിലെത്തിച്ചു... അരിശംപൂണ്ട മീര ആണധികാരത്തിന്റെ 'നായ'യെ കല്ലെടുത്തെറിഞ്ഞോടിച്ചു...

ചുട്ടുപൊള്ളുന്ന അന്തരീക്ഷത്തിൽ മീരയ്ക്ക് ഒരുതരം ഞെരുക്കം അനുഭവപ്പെട്ടു. അവൾക്ക് കൂട്ടായി മഴ പെയ്തിറങ്ങി. അതവളുടെ ഉള്ളിലെ പൊള്ളുന്ന മനസ്സിനെ തണുപ്പിച്ചു...

അന്ന് പാതിരാവും കഴിഞ്ഞായിരുന്നു റൂമിലൊരു ഞെരുക്കം കേട്ടത്... അന്ന് നിശാഗന്ധി പൂത്തുനിൽക്കുന്നുണ്ടായിരുന്നു... മീരയുടെ മുറിയിലെ ജനാലയിലൂടെ അവയെ കാണാം. അതിന്റെ സൗന്ദര്യം ആസ്വദിച്ചുകിടക്കവെ, ഒരു നിഴൽ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. നിശാഗന്ധിയുടെ ഭംഗിയിൽ മുഴുകിയിരുന്ന മീര ആ നിഴൽ അച്ഛന്റേതാണെന്നറിഞ്ഞപ്പോൾ, ഭിത്തിയിലൂടെ ഇരച്ചുനീങ്ങുന്ന പല്ലി അവളെ അനുകമ്പയോടെ നോക്കി...

ഇരുട്ടിന്റെ മറവിൽ അച്ഛന്റെ നിഴലിന് കൂടുതൽ കറുപ്പ്. ജനാലയെ ഭേദിച്ചെത്തിയ നിലാവിൽ അച്ഛന്റെ കൈയ്യിലെ രോമങ്ങൾ ദൃശ്യമായിരുന്നു... രാവിലെ സ്കൂളിലേക്ക് പോകുമ്പോൾ മുടിയിഴകളെ തലോടാറുള്ള കൈകൾക്ക്

ഇപ്പോൾ ലക്ഷ്യസ്ഥാനം മാറിയിരിക്കുന്നു. പണിയെടുത്ത് തഴമ്പിച്ച അയാളുടെ കൈ, മീരയുടെ വെളുത്ത് തുടുത്ത മുഖത്തിലൂടെ ആഞ്ഞൊന്ന് തഴുകിനീങ്ങി... ഇത് കണ്ട് സഹിക്കവ-യ്യാതെയാവണം പൂത്തുനിൽക്കുന്നതിൽ ഒരു നിശാഗന്ധിപ്പൂവ് താഴേക്ക് പതിച്ചു. തന്റെയുള്ളിലെ ഭയം നിശാഗന്ധി പ്രതിഫലിപ്പിക്കുന്നതായി മീരയ്ക്ക് തോന്നി... നിശാഗന്ധിയുടെ വെളുപ്പ് കറുപ്പ്നിറമാ-യാണ് അവൾക്ക് അനുഭവപ്പെട്ടത്...

പിറ്റേന്ന് പ്ലസ്ടു സയൻസ് ക്ലാസ്സിലെ ലാസ്റ്റ്ബെഞ്ചിലിരുന്ന് നെഞ്ചിടിപ്പോടെയല്ലാതെ അവൾക്കത് പറഞ്ഞുതീർക്കാൻ സാധിച്ചില്ല, അതേയളവിൽ തന്നെയാണ് സാന്ദ്ര അത് കേട്ടതും...

"നിനക്ക് ആ സമയത്ത് നിലവിളിച്ചുകൂടേ?
അല്ലെങ്കിൽ അമ്മയോട് എല്ലാം തുറന്ന്പറയ്!!!"
- സാന്ദ്ര ആശ്വസിപ്പിക്കുംവിധം പറഞ്ഞു...

"വേണ്ട, എനിക്കതിനുള്ള ധൈര്യമില്ല!"
- ~~[illegible]~~ മീര മറുപടി പറഞ്ഞു...

അവരുടെ സംഭാഷണത്തിന് വിരാമമിട്ടുകൊണ്ട് മലയാളം മാഷ് ഉറക്കെ തൊണ്ടതുറന്നു:

"ക്ലാസ്സെടുക്കുമ്പോഴാണോ നിങ്ങളുടെ സംസാരം?"

"മീര പറ...'രാത്രിമഴ' എഴുതിയതാര്?"

"........."

'രാത്രിമഴ' - രാത്രികളിൽ അവളുടെ ദേഹത്ത്
പെയ്തിറങ്ങുന്ന കൈകൾ അല്ലമഴ
പോലെ അവൾക്കനുഭവപ്പെട്ടു...

നാല് ദിക്കിലേക്കും ചെവി കൂർപ്പിച്ചുകൊണ്ട് കൂട്ടുകാരികൾ പറയുന്ന മുറിഞ്ഞുകേൾക്കുന്ന വാക്കുകൾ കൂട്ടിവായിച്ച് അവളുത്തരം പറയാൻ ശ്രമം നടത്തി:

"സു... സുഖ'... സു'ഖ'ത കുമാരി..."

"ഉം...ഇരിക്ക്" എന്ന ആജ്ഞയ്ക്ക് മുമ്പേ ഇന്റർവെല്ലിനുള്ള ബെല്ലടിച്ചിരുന്നു...

മൂത്രപ്പുരയിൽനിന്നും വരുന്ന വഴിയിൽ ചില വായ്നോക്കികളുടെ നോട്ടങ്ങൾ തിരസ്കരിച്ചുകൊണ്ട് സാന്ദ്ര ക്ലാസ്സിലേക്ക് കയറിയപ്പോൾ,

ലാസ്റ്റ് ബെഞ്ചിന്റെ മൂലയ്ക്ക്, ഒറ്റയ്ക്ക്, നിശ്ചലമായിരിക്കുന്ന മീരയെയാണ് സാന്ദ്ര കണ്ടത്.

മീരയുടെ കണ്ണിൽനിന്നും പൊടിഞ്ഞ കണ്ണീർ ടവലുകൊണ്ട് തുടച്ചപ്പോൾ അതിലെ 'പ്രിന്റ്' പൂക്കളും വാടി... മീര എന്തൊക്കെയോ പിറുപിറുക്കുന്നുണ്ടായിരുന്നു:

"എനിക്ക് പോകണം, മറ്റൊരു സ്ഥലത്തേക്ക്!"

"ഏത് സ്ഥലം?" - ആശ്ചര്യത്തോടെ സാന്ദ്ര ചോദിച്ചു.

"മറ്റൊരു ലോകം, അവിടമെല്ലാം ശൂന്യമാണ്!"

"നാളെ നിന്റെ വീട്ടിലേക്ക് വരട്ടെ? കമ്പയിൻ സ്റ്റഡി?" - വിഷയം മാറ്റുക എന്ന ലക്ഷ്യത്തോടെ സാന്ദ്ര ചോദിച്ചു... മീര സമ്മതം മൂളി...

പിറ്റേന്ന് നേരത്തെതന്നെ സാന്ദ്ര പുറപ്പെട്ടു. അവളുടെ വീട്ടിൽ കിങ്ങിണി പൂച്ചയും സംസാരിക്കുന്ന തത്തയുമുണ്ട്... മീരയുടെ വീടെത്തും വരെ ഇവരെയെല്ലാം കാണാനുള്ള തിടുക്കമായിരുന്നു സാന്ദ്രയ്ക്ക്...

തവിട്ട് നിറത്തിലുള്ള വീട്. മീരയുടെ അമ്മയാണ് ഉള്ളിലോട്ട് സ്വീകരിച്ചത്... മീര പറയാറുള്ള കഥകളിലെ 'അയാളെ' സാന്ദ്രയുടെ കണ്ണുകൾ തിരഞ്ഞു... മീര അവളെ ഒരു മുറിയിലേക്ക് ആനയിച്ചു; അവിടെ ഒരു ഗന്ധം മുന്തി നിൽക്കുന്നുണ്ടായിരുന്നു. മീര പറയാറുള്ള രാത്രിമഴയുടെ ഗന്ധം...

ഫിസിക്സ്, ബയോളജി, ഗണിതം - അങ്ങനെ പാഠവിഷയങ്ങൾ മാറിമറഞ്ഞു... ഒരു മണിയായപ്പോൾ ഗണിതത്തിലെ സമവാക്യത്തിനിടയിലൂടെ അമ്മയുടെ ശബ്ദം ഉരച്ചെത്തി:

"മീരേ, ആ മോളേം കൂട്ടി വാ... ഫുഡ് റെഡിയാണ്!"

മുറിയിൽ നിന്നിറങ്ങി വരുമ്പോഴും അവർ സംഭാഷണങ്ങളുടെ ചടുലതയിൽ മുഴുകി:

"കിങ്ങിണി പൂച്ചയെവിടെ?"

"........"

"സംസാരിക്കുന്ന തത്തയെവിടെ?"

"........"

"എനിക്ക് നിശാഗന്ധിച്ചെടി കാണണം!"

"........"

ഡൈനിംങ് ടേബിളിന്റെ എതിർവശത്ത് ഭിത്തിയിൽ ആണിതറച്ച ഒരു ഛായാചിത്രം സാന്ദ്ര കണ്ടു...

"അതാരാ?" - സാന്ദ്ര ചോദിച്ചു...

ആദ്യം മൗനമായിരുന്നു ഉത്തരം, പിന്നീട് അത് ചുണ്ടുകളിലെത്തി:

"മീരയുടെ അച്ഛൻ!"

പാതിചവച്ചിറക്കിയ ഇറച്ചികഷണം തൊണ്ടയിൽ കുരുങ്ങി...

"മരിച്ചുപോയി... അഞ്ച് വർഷം മുമ്പ്"

എല്ലാത്തിനെയും ഭേദിച്ചുകൊണ്ട് മീര പറഞ്ഞു:

"സാന്ദ്രേ... നീ ഇവിടത്തെ അക്വേറിയം കണ്ടോ?"

"ഇല്ല, എവിടെ?"

"ദാ, അങ്ങോട്ട് നോക്ക്, ആ ടേബിളിൽ!"

സാന്ദ്രയ്ക്ക് കാണാൻ സാധിച്ചത് അന്നത്തെ ദിനപത്രവും അല്ലറചില്ലറ സാധനങ്ങളും മാത്രം! മീര ടേബിളിന് അടുത്തെത്തി, ചില്ല്കൂട്ടിലെ മത്സ്യങ്ങളെ കണ്ണെടുക്കാതെ നോക്കിനിന്നു...

"മോളെ, അവൾക്ക്... ഹാലുസിനേഷൻ സിൻഡ്രോമാണ്!..."

- അമ്മയുടെ സ്വരം ചെവിക്കുഴിയിലേക്ക് പതിഞ്ഞു...

'ഹാലുസിനേഷൻ സിൻഡ്രോം' - അതെന്താണെന്ന മട്ടിൽ സാന്ദ്ര നിശ്ചലമായി നിന്നു...

"ഇല്ലാത്ത കാര്യങ്ങളുണ്ടെന്നും, ഉള്ള കാര്യങ്ങളില്ലെന്നും തോന്നിപ്പിക്കുന്ന ഒരുതരം മാനസിക വിഭ്രാന്തി..."

- അമ്മയുടെ മുഖത്തെ കണ്ണീർ കിടക്കാൻ നേരത്തും സാന്ദ്രയുടെ മനസ്സിൽ നിന്നും മാഞ്ഞുപോയില്ല... പല ചിന്തകൾ അവളിൽ ഭയം ജനിപ്പിച്ചു: മീര പറഞ്ഞ ആ "മറ്റൊരു ലോകം?"

പിറ്റേന്ന് 'വികസി'ന്റെ മരണവുമായാണ് മീര ~~[illegible]~~ ക്ലാസ്സിലെത്തിയത്... അവൾ എന്തൊക്കെയോ പറയുന്നുണ്ട്:

"എനിയ്ക്ക് പോകണം"

"ഏകാകികളുടെ ലോകത്തേക്ക്!"

"സമാധാനമുള്ള ലോകത്തേക്ക്!"

"അവിടമെല്ലാം ശൂന്യമാണ്, ഞാൻ ആ ലോകത്തിലേക്ക് പോകട്ടെ?"

"അവിടത്തെ മാലാഖമാർ എന്നെ വിളിക്കുന്നു..."

മീരയ്ക്ക് പലപ്പോഴും തോന്നാറുണ്ട്, 'വേഗത്തിൽ നീങ്ങുന്ന ഘടികാര സൂചി' പോലെയാണ് തന്റെ ജീവിതമെന്ന്. ആ സൂചിയുടെ ചലനം നിലയ്ക്കുന്ന ഒരു ലോകത്തേക്ക് പറക്കാൻ അവൾ ആഗ്രഹിക്കുന്നു... അപ്പോഴും അവളുടെ മനസ്സിൽ നിശാഗന്ധി പൂത്തുനിൽക്കുന്നുണ്ടായിരുന്നു...